# തൻബീഹുൽ ഇസ്ലാം ഹയർ സെക്കണ്ടറി സ്കൂൾ

(ഗവ: എയ്ഡഡ്)

(Under Badar Juma Masjid Jama-ath committee, Naimarmoola)



## യു.പി. വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മലയാളം, ഇംഗ്ലീഷ്, അറബിക്, ഹിന്ദി,
മാത്സ്, സോഷ്യൽ സയൻസ്, ബേസിക് സയൻസ്



ജില്ലയിലെ ഏറ്റവും വലിയ വിദ്യാലയമായ TIHSS നായന്മാർമൂല ഈ വർഷം മികവാർന്നതും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത് ഇതിൻറെ മുന്നോടിയായി തന്നെ വിദ്യാലയം തുറക്കുന്നതിന് ആഴ്ചകൾക്കു മുൻപേ എസ് ആർ ജി മീറ്റിംഗ് അതുപോലെ സബ്ജക്ട് കൗൺസിൽ യോഗങ്ങൾ ചേരുകയുണ്ടായി. ഒരു അക്കാദമിക വർഷം എങ്ങനെ മികവുറ്റതാക്കാം എന്ന ചർച്ചയായിരുന്നു ഈ യോഗങ്ങളിൽ  വന്നത്. തൽഫലമായി ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഏതുതരത്തിൽ നമ്മൾക്ക് വൈവിധ്യമാർക്കാമെന്നും , കുട്ടികൾക്ക് ഏറ്റവും സ്വീകാര്യവും ഗുണപ്രദവുമായ പ്രവർത്തനങ്ങൾ മാത്രം അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. കഴിഞ്ഞ വർഷത്തെ മികവുകൾ പോരായ്മകൾ എന്നിവയെല്ലാം മുൻനിർത്തിയായിരുന്നു ഈ ആലോചനകൾ അതുകൊണ്ടുതന്നെ വിശാലമായ ചർച്ച എല്ലാ സബ്ജക്ട് കൗൺസിൽ യോഗങ്ങളിലും നടന്നു ഓരോ കൺവീനർസിനും ചുമതലയും നൽകി ഹെഡ്മാഷിന്റെ മോണിറ്ററിംഗ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ ഉണ്ടായിരുന്നു . 2025- 26 അക്കാദമിക വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ അതുകൊണ്ടുതന്നെ പാഠപുസ്തകങ്ങൾ പൂർണമായും മാറിയ പശ്ചാത്തലത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതുമാണ്. അതുകൊണ്ടുതന്നെ നാനാ തലങ്ങളിൽ നിന്നും കുട്ടികളുടെ സർഗാത്മകതയും പഠനനിലവാരവും ഉയർത്താൻ വേണ്ടിയുള്ള ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ ആണ് ഈ വർഷം തയ്യാറാക്കിയിട്ടുള്ളത്

# Table Of Contents


1. ARABIC

2. MALAYALAM

3. ENGLISH

4. HINDI

5. SCIENCE

6. SOCIAL SCIENCE

7. MATHEMATICS

# ARABIC

അറബിക് - U.P

| | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | കൈത്താങ്ങ്<br>ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും എഴുത്തും വായനയും പരിശോധിപ്പിക്കുകയും ചെയ്യൽ | മൂന്ന് മാസം | പുസ്തകങ്ങൾ, കാർഡുകൾ |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക<br>പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപ്പെടൽ<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നും പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചും | | |

| | | | |
|---|---|---|---|
| | ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം. കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചു വരെ | പുസ്തകങ്ങൾ കാർഡുകൾ സിഡികൾ |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം പദപ്രശ്നം, കുറിപ്പുകൾ വിവരണം. എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാ താൽപരരാവുകയും ഭാഷാ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാ മത്സരം. കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതു വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ, പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക. | യൂണിറ്റ് തല നിഘണ്ടു നിർമാണം<br>ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ്/പ്രിന്റ് ഔട്ട് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | സ്കൂൾ റേഡിയോ<br>കഥ, പ്രസംഗം, ഗാനം വാർത്തകൾ അവതരിപ്പിക്കുന്നു. | ഒരു വർഷം | |

# Malayalam

അക്കാദമിക് മാസ്റ്റർ പ്ലാൻ യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികാസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | · എന്റെ അവധിക്കാലം<br>· പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | · പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വിവിധ പഠന പ്രവർത്തനങ്ങൾ നടത്തുന്നു. ചിഹ്നങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമിക്കുന്നു. പദങ്ങളിൽ നിന്ന് വാക്യത്തിലേക്ക് എത്തിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | • വായന ദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് വിവിധ പരിപാടികൾ നടത്തുന്നു.<br>· വായന മത്സരം<br>· ക്വിസ് മത്സരം<br>· വായന കുറിപ്പ്, ചിത്രരചന | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | |
|---|---|---|---|
| 2) പഠനാവിൻ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | • പത്രം, മാസികകൾ, ആഴ്ചപ്പതിപ്പ് എന്നിവ പതിവായി വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ് | മലയാളം അധ്യാപകർ |
| | • അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | ജൂലൈ 5 ബഷീർ ദിനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>• ബഷീർ കൃതികളുടെ വായന കുറിപ്പ്<br>• കൃതികളുടെ പുറം ചട്ട വരക്കൽ<br>• കഥാപാത്ര നിരൂപണം<br>• വിവിധ സംഭാഷണങ്ങൾ അവതരിപ്പിക്കൽ.<br>• ക്വിസ് മത്സരം | ജൂലൈ | മലയാളം അധ്യാപകർ |

| | | | | |
|---|---|---|---|---|
| | • സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സന്ദർശനവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പ്രാവശ്യം | മലയാളം അധ്യാപകർ | |
| 4) കുട്ടികളുടെ സർഗശേഷി വളർത്തൽ | • മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ ഹാളിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു. | മാസത്തിൽ ഒരു തവണ. | മലയാളം അധ്യാപകർ | |
| | • വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | മാസത്തിൽ രണ്ടു തവണ | മലയാളം അധ്യാപകർ | |

# ENGLISH

# Academic Master Plan

## English

| Objectives | Activity | Month |
|---|---|---|
| To speak English<br>Enable to give chance to hear and speak English fluently. | - Follow me if you can | June - March |
| | - Focus the learners and record the matters related to English | , , |
| | - Lend your ear | |
| | - Environment day | June |
| | - Reading Day | |
| | - Read with a Friend | |
| writing Skill<br>Develop the writing skill of children through various activities - enable them to understand the use of punctuation spelling etc. | - Copy writing | |
| | - Basheer day - story completing competition | July |
| Reading skill | Start a reading corner - provide books | August |

| | | |
|---|---|---|
| . Empowering creativity power of Learner | -Learning ladder<br>-Arrange the sentences in proper order | September |
| | - Reader of the Month select best reader of the month by reading. | sept - March |
| . Increase self-confidence. | start class magazine<br>Quiz, Poster making. | October |
| . Increase the writing skil ~~throu~~ through various discourses. | Letter, dialogue profile, notice Diary etc. | November |
| . Practicing English pronunciation | Tongue Twisters. | December |
| creative & organization skill | English Fest | January. |
| . Vocabulary strengthening | English language activities - collections skit etc. | Feb - March |

# Hindi

# അക്കാദമിക് മാസ്റ്റർപ്ലാൻ - ഹിന്ദി 2025-26

| SL. NO | Programme | Activity | Duration | ഭൗതികം | ചിലവ് |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ. | * അക്ഷരം എഴുത്ത്.<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്.<br>* Class ൽ അക്ഷരമാല പ്രദർശനം.<br>* ഓൺലൈൻ അക്ഷരമാല കളികൾ.<br>* വാക്കുകൾ എഴുതിയ കാർഡുകൾ.<br>* വാക്കുകൾ നിർമ്മാണം.<br>* വാക്യങ്ങളുടെ നിർമ്മാണം. | JUNE TO AUGUST | അക്ഷര ചാർട്ട് പാഠപുസ്തകം. | |
| 2. | വീട് ഒരു പഠനശാല (കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക.) | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>* CWSN കുട്ടികളുടെ പങ്കാളിത്തം. | September TO october | ഹിന്ദി നിഘണ്ടു | |

| | | | | | |
|---|---|---|---|---|---|
| 3 | ഹിന്ദി മാഗസിൻ. | * കുട്ടികളുടെ സർഗ്ഗാത്മക-മായ കഥകൾ, കവിതകൾ, സ്വയം തയ്യാറാക്കുന്ന അനുഭവക്കുറിപ്പുകളുടെയുള്ള രചനകൾ ഉൾപ്പെടുത്തിയ മാഗസിൻ | November | മാഗസിൻ | |
| 4 | അധ്യാപകർ തെരഞ്ഞെടുത്ത പ്രവർത്തനങ്ങളിലൂടെ സർഗാത്മക രചനകൾ വിക-സിപ്പിക്കാനുള്ള അവസരം. (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>* ക്ലാസ് ലൈബ്രറി<br>x ദൈനിക വായന സാമഗ്രി-കൾ.<br>x ചിത്ര സഹായത്തോടെ ചിത്ര കഥ.<br>+ കഥ - ബാക്കി എഴുതൽ<br>+ വായനാമൂല<br>x ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | December to February | പുസ്തകങ്ങൾ. | |

# Science

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലളിതമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# Social Science

# അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയം : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വെർച്വൽ ഫീൽഡ് ട്രിപ്പ്<br>ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ , ചെങ്കോട്ട , ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു.<br><br>ഭക്ഷ്യമേള<br>കുട്ടികളുടെ വീട്ടിലുണ്ടാക്കുന്ന വിഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഭക്ഷ്യമേള | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | സാധ്യമാക്കുന്നു. | | | |
| ആശയങ്ങൾ, സന്ദേശങ്ങൾ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക. സ്കിറ്റ് ഉപയോഗിച്ച് പ്രചാരണം. | സ്കിറ്റ് തയ്യാറാക്കാം. 'ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും' സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ച് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യൽ. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| സമത്വം സൃഷ്ടിക്കുക. നീതിയും ന്യായവും അംഗീകരിക്കുക. സാമ്പത്തിക വികസനം സംരക്ഷിക്കുക. | പ്രോജക്ട് ഇന്ത്യയിൽ ഇന്നുവരെ നടത്തിയ ഭരണഘടനാ ഭേദഗതികളെക്കുറിച്ച് പ്രോജക്ട് തയ്യാറാക്കൽ | ആഗസ്ത്. | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| നിയമങ്ങൾ മനസ്സിലാക്കാൻ നിയമങ്ങളുടെ പ്രവർത്തനരീതി പരിശോധിക്കാൻ ആരും നിയമത്തിന് അതീതരല്ലെന്ന ബോധം ഉണ്ടാക്കാൻ | നിയമ ബോധവൽക്കരണ ക്ലാസ് നിയമ വാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ നിയമങ്ങളെക്കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക. അവകാശങ്ങളുടെ പ്രാധാന്യത്തെ പിന്തുണയ്ക്കുക. ക്ലാസ് ഭരണഘടന മുന്നോട്ടു വയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക. | ക്ലാസ് ഭരണഘടന ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് ഉണ്ടാക്കുക. Safe touch/Secret touch തിരിച്ചറിയുക. പറയേണ്ടിടത്ത് No പറയാൻ പരിശീലിക്കുക. | ലഘുലേഖ തയ്യാറാക്കാം. കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുള്ള പ്രവർത്തനങ്ങളെ കുറിച്ച് ലഘുലേഖ തയ്യാറാക്കൽ. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ ലോകത്തേക്ക് വെള്ളപ്പൊക്കം, ഭൂമികുലുക്കം, ഉരുൾ-പൊട്ടൽ, കടൽക്ഷോഭം മുതലായ പ്രകൃതി ദുരന്തങ്ങൾ വഴിയും അപകടങ്ങൾ, വ്യവസായശാലകളിലെ ദുരന്തങ്ങൾ തുടങ്ങിയ മനുഷ്യ നിർമിത ദുരന്തങ്ങൾ വഴിയും അരികുവൽക്കരിക്കപ്പെട്ടവരെ സന്ദർശിക്കുവാനും അവർക്ക് | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | ആവശ്യമായ സേവനങ്ങൾ ചെയ്യാനും അവസരം ഒരുക്കുന്നു. | | | |
| ഗോത്രജനതയുടെ സാമൂഹിക ജീവിതം മനസ്സിലാക്കുന്നു. | ഊരകം<br>ഗോത്രജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ പൂർവ്വികരുടെ ജീവിതം, കല, കൃഷി, ഭക്ഷണം, സമകാലിക ജീവിതം, വാദ്യോപകരണങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര-അധ്യാപകർ | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം. | സ്പെഷ്യൽ സ്കൂൾ സന്ദർശനം.<br>ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ സന്ദർശിച്ച് ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന്. | ശില്പശാല<br>ഭൂമിയുടെ പാളികളുടെ മാതൃക നിർമ്മിക്കൽ | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| • പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വെർച്വൽ ഫീൽഡ് ട്രിപ്പ്<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര ബോധം വളർത്തുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ | സർവ്വേ നടത്താം.<br>പ്രദേശത്ത് കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| നിർമാർജ്ജന പദ്ധതികൾ തിരിച്ചറിയുക. | സർവ്വേ നടത്തുന്നു. | | | |
| വിഷയത്തിന്റെ വിശദീകരണം. പഠനത്തിന്റെ വിവരങ്ങൾ നൽകുക. ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക. പ്രതലങ്ങൾ സൃഷ്ടിക്കുക. | സെമിനാർ<br>ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകമാണെന്ന് മനസ്സിലാക്കുന്നതിന്. | അഭിമുഖം<br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# ദിനാചരണങ്ങൾ

ജൂൺ 5 - പരിസ്ഥിതി ദിനം
ക്വിസ് മത്സരം.

ജൂൺ 26 - ലഹരി വിരുദ്ധ ദിനം
കുട്ടികളിലെ ലഹരി ഉപയോഗം - ബോധവത്ക്കരണ ക്ലാസ്സ്
കൈകാര്യം ചെയ്യുന്നത് മഹേഷ്. C.K [അസി. സബ് ഇൻസ്പെക്ടർ ഓഫ്-
പോലീസ്, റെയിൽവേ പോലീസ് സ്റ്റേഷൻ, കാസർഗോഡ്]

ജൂലൈ 11- ലോക ജനസംഖ്യാദിനം.
കാർട്ടൂൺ മത്സരം.

ആഗസ്റ്റ് 6&9 - ഹിരോഷിമ നാഗസാക്കി ദിനം
പോസ്റ്റർ നിർമ്മാണം, പ്രസംഗമത്സരം, പ്ലക്കാർഡ് നിർമ്മാണം, യുദ്ധവിരുദ്ധറാലി

ആഗസ്റ്റ് 15 – സ്വാതന്ത്ര്യദിനം.

സ്വാതന്ത്ര്യദിന ക്വിസ്, സംഗീതശില്പം.

സെപ്തംബർ 5 – അധ്യാപക ദിനം.

5th std കുട്ടികൾ കുട്ടിടീച്ചർമാരാകുന്നു.

ഒക്ടോബർ 2 – ഗാന്ധിജയന്തി ദിനം.

ദണ്ഡിയാത്ര ദൃശ്യാവിഷ്കാരം

നവംബർ 1 – കേരള പിറവി ദിനം

ഉപന്യാസ രചന വിഷയം : ഭാവിയിലെ കേരളം.

നവംബർ 14 – ശിശുദിനം

5th std കുട്ടികൾക്ക് പെൻസിൽ ഡ്രോയിങ് മത്സരം, വിഷയം: ചാച്ചാജി.

6th, 7th std ആശംസാകാർഡ് നിർമ്മാണം.


Mathematics

യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുക | പ്രീടെസ്റ്റിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ഗണിത കളികൾ, പസിൽസ്, കുസൃതിക്കണക്ക് എന്നിവയിലൂടെ ഗണിതം ആകർഷകമാക്കുക. ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പ് എന്നിവ ശേഖരിച്ച് ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക. സെമിനാറുകൾ സംഘടിപ്പിക്കുക. | ആഗസ്ത്-ഒക്ടോബർ | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ഗണിതാസ്വാദനം വർധിപ്പിക്കുക | ഗണിത ക്ലബ്ബുകൾ രൂപീകരിക്കുന്നു. മുഴുവൻ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. നമ്പർ ചാർട്ട്, ജ്യോമെട്രിക് ചാർട്ട് ഉൾപ്പെടുത്തിയും മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലൈ - സപ്തംബർ | ഗണിത അധ്യാപകർ | |
| ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കും. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |